നാളികേര ഉല്പാദനം

234 (1204)ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര നാളികേര ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മണ്ഡലത്തിലെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്കു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി:

1. 2006-07, 2007-08 മുതൽ 2010-11 വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത് എന്നിവ സംയുക്തമായി സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കി.
2. കൂമ്പ് ചീയൽ രോഗനിവാരണ പദ്ധതി ഗ്രാമപഞ്ചായത്തുകളും ജില്ലാ പഞ്ചായത്തും ചേർന്ന് 2008-09, 2009-10, 2010-11 വർഷങ്ങളിൽ നടപ്പിലാക്കി.
3. നാളികേര വികസന ബോർഡ് പദ്ധതി 2006-07, 2007-08 വർഷങ്ങളിൽ നടപ്പിലാക്കി.
4. കേരശ്രീ നാളികേര വികസന പദ്ധതി 2009-10, 2010-11 വർഷങ്ങളിൽ നടപ്പിലാക്കി.
5. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നാളികേര ക്ലസ്റ്റർ പദ്ധതി 2009-10, 2010-11 വർഷങ്ങളിലും കൂമ്പുചീയൽ നിവാരണ പദ്ധതി 2008-09-ലും നടപ്പിലാക്കി.

(ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് പദ്ധതിയായ സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 2006-07 വർഷത്തിൽ 2 ക്ലസ്റ്ററുകളും 2007-08 വർഷത്തിൽ 2 ക്ലസ്റ്ററുകളും രൂപീകരിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം 2006-07-ൽ 2 ക്ലസ്റ്ററുകളും 2007-08-ൽ 2 ക്ലസ്റ്ററുകളും രൂപീകരിച്ചു. കേരശ്രീ പദ്ധതി പ്രകാരം 2009-10-ൽ 13 ക്ലസ്റ്ററുകളും 2010-11-ൽ 8 ക്ലസ്റ്ററുകളും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2010-11-ൽ 14 ക്ലസ്റ്ററുകളും മൊത്തം 43 ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുണ്ട്.

(സി) പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

LIBRARY, KERALA LEGISLATIVE ASSEMBLY

ക്രമ നമ്പർ	പഞ്ചായത്ത്	സമഗ്ര നാളികേര വികസന പദ്ധതി (ജില്ലാ പഞ്ചായത്ത്)	സി.ഡി.ബി.	കേരശ്രീ.	ആർ.കെ.വി.വൈ.	ആകെ
1.	ബാലുശ്ശേരി	1	1	2	1	5
2.	ഉള്ള്യേരി	1	...	2	2	5
3.	നന്മണ്ട	1	...	3	3	7
4.	തലക്കുളത്തൂർ	...	...	4	4	8
5.	എലത്തൂർ	1	...	3	1	5
6.	നടുവണ്ണൂർ	...	...	2	2	4
7.	അത്തോളി	...	...	3	1	4
8.	പനങ്ങാട്	...	3	2	1	6
	ആകെ	4	4	21	15	44

ജൈവരീതിയിൽ കറിവേപ്പില കൃഷി

235 (1205) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവരീതിയിൽ കറിവേപ്പില കൃഷി നടത്താൻ എന്തെങ്കിലും പ്രോത്സാഹനം ഇപ്പോൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങൾ കറിവേപ്പിലയിൽ എൻഡോ സൾഫാൻ തളിച്ച് കൃഷി ചെയ്യുന്ന സാഹചര്യത്തിൽ, അടിയന്തരമായി ഇവിടെ കറിവേപ്പില കൃഷികാർക്ക് സഹായം നൽകുന്നതിനും സർക്കാർ നിയന്ത്രണത്തിൽ കറിവേപ്പില കൃഷി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഒരു വീട്ടിൽ ഒരു കറിവേപ്പ് എന്ന മുദ്രാവാക്യം ഉയർത്തി കേരളത്തിലെ എല്ലാ വീട്ടുവളപ്പിലും കറിവേപ്പില തൈകൾ എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ജൈവരീതിയിൽ കറിവേപ്പില കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികളൊന്നും നിലവിലില്ല.

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly